ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 26.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

നേഴ്സുകൾ.

* 1025. [61] ശ്രീ. കെ. എ. ബാലൻ: തഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽവകുപ്പിൽനിന്നും എത്ര നേഴ്സുകളെ ഉപരിപഠനത്തിനായി തിരഞ്ഞെടുക്കുകയുണ്ടായി; എന്തു മാനദണ്ഡമാണ് തിരഞ്ഞെടുപ്പിനു സ്വീകരിച്ചത്; സീനിയോറിറ്റി അവഗണിച്ചു് തിരഞ്ഞെടുപ്പു നടക്കുകയുണ്ടായോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

കഴിഞ്ഞ ജൂലായിൽ 5 നേഴ്സുകളെ New Delhi-യിലെ Nursing College-ൽ ഉപരിപഠനത്തിനായി തിരഞ്ഞെടുത്തയച്ചു. സാമാന്യവും, സാങ്കേതികവുമായ വിദ്യാഭ്യാസയോഗ്യതകൾ, പ്രായം, നേഴ്സിംഗിനുള്ള പരിചയം, ആരോഗ്യസമിതി, സീനിയോറിട്ടി ഇവയാണ് തിരഞ്ഞെടുപ്പിനു് മാനദണ്ഡമായി സ്വീകരിച്ചത്. ഈ യോഗ്യതകളില്ലാത്തവരും, ക്ലിപ്തസമയത്തിനു് അപേക്ഷ അയയ്ക്കാത്തവരുമായ സീനിയറായിട്ടുള്ള നേഴ്സുകളെ തിരഞ്ഞെടുത്തിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 24-11-1955.

സെൻട്രൽ സർവ്വീസിലേയ്ക്കെടുത്തിട്ടുള്ള ഡിപ്പാർട്ടുമെന്റുകൾ.

* 1026. [4] ശ്രീ. പി. ഗോപാലൻ: തഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് സർവ്വീസിൽ നിന്നും എതെല്ലാം ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരെ സെൻട്രൽ ഗവണ്മെന്റിലേക്കു് എടുത്തിട്ടുണ്ടു്;

(ബി) ഏതു വ്യവസ്ഥയിലാണു് അവരുടെ സേവനം വിട്ടുകൊടുത്തിട്ടുള്ളതു്;

(സി) ഈ വ്യവസ്ഥകൾ സെൻട്രൽഗവണ്മെന്റു് പാലിച്ചിട്ടുണ്ടോ;

(ഡി) ഈ വിധത്തിൽ ഉദ്യോഗം ലഭിച്ച വല്ല ഉദ്യോഗസ്ഥന്മാരിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടെലഫോൺ
അഞ്ചൽ
കസ്റ്റംസ്
സെൻട്രൽ എക്സൈസ്
} അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്

LIBRARY ARCHIVES Kerala Legislative Assembly